**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4184** **09-08-2021 - ൽ മറുപടിയ്ക്ക്**

**കലാ-കായിക- പ്രവൃത്തി പരിചയാദ്ധ്യാപകരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സമഗ്ര ശിക്ഷ കേരളം പദ്ധതി പ്രകാരം നിയമനം ലഭിച്ച കലാ-കായിക- പ്രവൃത്തി പരിചയാദ്ധ്യാപകർക്ക് 2017-18 വർഷങ്ങളിൽ യാത്രാബത്തയും ഇ.പി.എഫും അടക്കം 29,000/- രൂപയോളം ശമ്പളം ലഭിച്ചുകൊണ്ടിരുന്നതിൽ ഇപ്പോൾ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ വിഹിതം വെട്ടിക്കുറച്ചതിന്റെ ഭാഗമായിട്ടാണോ ഇവർക്ക് ലഭിച്ചിരുന്ന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളമായി കേന്ദ്രസർക്കാർ 29,000/- രൂപയാണ് 2017-18 വർഷത്തിൽ നൽകിയിരുന്നത്. എന്നാൽ 2018-19-ൽ കേന്ദ്രസർക്കാർ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം 7,000/- രൂപയായി വെട്ടിക്കുറച്ചു. (ഈ തുകയുടെ കേന്ദ്ര വിഹിതം 4,200/- രൂപയും സംസ്ഥാന വിഹിതം 2,800/- രൂപയുമാണ്). ഈ തുക വളരെ കുറവായതിനാൽ സമഗ്ര ശിക്ഷാ കേരളത്തിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ സംസ്ഥാന വിഹിതത്തിന് പുറമേ 7000/- രൂപ കൂടി അനുവദിക്കുകയും മാസശമ്പളമായി 14,000/- രൂപയുമാണ് പ്രസ്തുത അദ്ധ്യാപകർക്ക് നൽകി വരുന്നത്. 2021-22 വർഷം കേന്ദ്ര സർക്കാർ പ്ലാൻ അപ്രൂവൽ ബോർഡ് മീറ്റിംഗിൽ 10,000/- രൂപയാണ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളമായി തീരുമാനിച്ചിട്ടുള്ളത്. മുൻവർഷത്തെപ്പോലെ കൂടുതൽ തുക നൽകുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | വെട്ടിക്കുറച്ച ശമ്പളം വർദ്ധിപ്പിച്ച് കിട്ടുന്നതിന് അഭ്യർത്ഥിച്ചു കൊണ്ട് പ്രസ്തുത അധ്യാപകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (സി) | ഈ വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുമോ? | (ഡി) | ഈ വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ